"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/262/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-06-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണമുള്ള റിപ്പോർട്ട് വകുപ്പ് മേധാവികൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 23.02.2023ലെ ഡിഎ1/439/2022-തസ്വഭവ നമ്പർ സർക്കുലർ
2. 10.08.2023ലെ ഡിഎ1/439/2022-തസ്വഭവ നമ്പർ സർക്കുലർ
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.22

**********************

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ ചില വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് വകുപ്പുമേധാവികളുടെ/ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് അനിവാര്യമാണ്. കമ്മിറ്റിയിൽ പരിഗണിക്കുന്നതിന് സഹായകരമാകും വിധം മുൻകൂട്ടി തന്നെ റിപ്പോർട്ട് നൽകണമെന്ന് സൂചിത സർക്കുലറുകൾ ഉൾപ്പടെ പലപ്രാവശ്യം നിർദ്ദേശിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനാ റിപ്പോർട്ട് നൽകാൻ താമസിക്കുന്നതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിനെ/ വകുപ്പിനെ സമയബന്ധിതമായി അറിയിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് പദ്ധതി പ്രവർത്തനങ്ങൾ വൈകുന്നതിനും വകയിരുത്തിയ തുക പാഴായിപോകുന്നതിനും ഇടയാക്കും. ഇത് ഗൗരവമേറിയതാണ്. അതിനാൽ ഓരോ കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയും തുടർനടപടി റിപ്പോർട്ട് കോ-ഓർഡിനേഷൻ കമ്മിറ്റി കഴിഞ്ഞ് 15 ദിവസത്തിനകം തന്നെ ലഭ്യമാക്കാൻ വകുപ്പ് മേധാവികൾ/ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു. റിപ്പോർട്ടിന്റെ പകർപ്പ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഓഫീസിലേക്ക് കൂടി നൽകേണ്ടതാണ്. അതിനായി പ്രത്യേക ക്രമീകരണം അതത് ഓഫീസിൽ ഏർപ്പെടുത്തണം.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്

3. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ചീഫ് ടൗൺ പ്ലാനർ
6. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
7. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. ഡയറക്ടർ, കൃഷി വകുപ്പ്
10. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
11. ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
12. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
13. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
14. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
15. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
16. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
17. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
18. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
19. എല്ലാ ജില്ലാ കളക്ടർമാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
26. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
28. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
29. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
30. ഡയറക്ടർ, ക്ലീൻ കേരള കമ്പനി
31. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
32. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
33. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 01-07-2024 15:01:46

സെക്ഷൻ ഓഫീസർ.